LIBRARY ARCHIVES Kerala Legislative Assembly

മത്സ്യ വിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത

267(5715) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കാമോ?

മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലുനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദനശേഷി വർദ്ധിപ്പിച്ചു. മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ നിലവിലുള്ള സർക്കാർ ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ മുതലായവയുടെ നടത്തിപ്പ്, സംരക്ഷണം, ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ, പ്രജനന മത്സ്യത്തിന്റെ സംരക്ഷണം, പ്രജനന പ്രവർത്തനങ്ങൾ, മത്സ്യവിത്ത് പരിപാലനം, പ്രവർത്തന ചെലവ് എന്നിവയ്ക്കായി 900 ലക്ഷം രൂപയും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നഴ്സറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനായി നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 700 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം വകുപ്പിന് കീഴിലുള്ള ഫിഷ് സീഡ് ഫാമുകൾ/ ഹാച്ചറികളിലായി 7 കോടി മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുകൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലാനോട് 1580 ലക്ഷം രൂപയുടെ ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനും ഇടുക്കി ജില്ലയിലെ ചെങ്കുളത്തും കോട്ടയം ജില്ലയിലെ പള്ളത്തും 1490.00 ലക്ഷം രൂപ അടങ്കൽ തുക

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന രണ്ട് മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ ഓടയത്തും കണ്ണൂർ ജില്ലയിലെ മാപ്പിള ബേയിലുമായി രണ്ട് സമുദ്രമത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതിന് 2041.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതികളും സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സർക്കാർ ഉടമസ്ഥതയിൽ എത്ര ഹാച്ചറികളാണ് നിലവിലുള്ളത്; അവയുടെ കഴിഞ്ഞ പത്ത് വർഷത്തെ സ്ഥാപിത ശേഷി, ഉല്പാദനം എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ?

സർക്കാർ ഉടമസ്ഥതയിൽ നിലവിൽ ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 20 ഹാച്ചറി/ഫിഷ് സീഡ് ഫാമുകൾ, അഡാക്ക്/ മത്സ്യഫെഡ് എന്നിവയുടെ കീഴിലുള്ള 11 ഹാച്ചറി/ഫിഷ് സീഡ് ഫാമുകൾ എന്നിങ്ങനെ ആകെ 31 ഹാച്ചറി/ഫിഷ് സീഡ് ഫാമുകളാണുള്ളത്. അവയുടെ കഴിഞ്ഞ പത്ത് വർഷത്തെ സ്ഥാപിത ശേഷി, ഉൽപ്പാദനം എന്നിവയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) അത്യുല്പാദനശേഷിയുള്ള ഗിഫ്റ്റ് മത്സ്യത്തിന്റെ കുഞ്ഞുങ്ങളെ ആവശ്യാനുസരണം കർഷകർക്ക് ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; 2016 മുതൽ നാളിതുവരെ എത്ര ഗിഫ്റ്റ് മത്സ്യക്കുഞ്ഞുങ്ങളെ കേരളത്തിലെ പൊതുമേഖലാ ഹാച്ചറികൾ വഴി ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്; വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഗുണമേന്മയുള്ള നല്ലയിനം ഗിഫ്റ്റ് മത്സ്യവിത്തുകൾ മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉൽപ്പാദനശേഷിയുള്ള ഗിഫ്റ്റ് ഹാച്ചറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നെയ്യാർഡാം ഗിഫ്റ്റ് ഹാച്ചറിയിൽ ജൂലൈ മാസം മുതൽ മത്സ്യവിത്തുൽപ്പാദനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പന്നിവേലിച്ചിറ ഗിഫ്റ്റ് ഹാച്ചറിയിൽ മത്സ്യവിത്തുല്പാദനം ഡിസംബർ മാസത്തിൽ ആരംഭിക്കാൻ കഴിയുന്നതാണ്. ഇതുകൂടാതെ കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിൽ ഒരു കോടി ഉൽപ്പാദനശേഷിയുള്ളതും പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 50 ലക്ഷം ഉൽപ്പാദനശേഷിയുള്ളതുമായ ഗിഫ്റ്റ് ഹാച്ചറികൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി പ്രാരംഭനടപടി ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ഒരു കോടി ഉൽപ്പാദനശേഷിയുള്ള നൈൽ തിലാപ്പിയ ഹാച്ചറി കോഴിക്കോട് ജില്ലയിലെ കല്ലാനോട് സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. 2016 മുതൽ നാളിതുവരെ 50000 ഗിഫ്റ്റ് മത്സ്യക്കുഞ്ഞുങ്ങളെ നെയ്യാർഡാം ഗിഫ്റ്റ് ഹാച്ചറി വഴി ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസർക്കാർ സ്ഥാപനമായ ആർ.ജി.സി.എ., അഡാക് എന്നിവിടങ്ങളിൽനിന്നും ഗിഫ്റ്റിന്റെ "ഫ്രൈ" വലുപ്പത്തിലുള്ളവയെ വാങ്ങി ഫിങ്കർലിങ്സ് വലിപ്പത്തിലാക്കി വളർത്തി കർഷകർക്ക് വിതരണം ചെയ്യുവരുന്നു. 2016 മുതൽ നാളിതുവരെ 114.86 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ പരിപാലനം നടത്തി കർഷകർക്ക് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഗിഫ്റ്റ് ഹാച്ചറികൾ ആരംഭിക്കുന്നതിന് യഥാസമയം ലൈസൻസ് അനുവദിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗിഫ്റ്റ് ഹാച്ചറികൾ ആരംഭിക്കുന്നതിന് യഥാസമയം ലൈസൻസ് കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നവർക്ക് അനുവദിക്കുന്നില്ലെന്ന തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പ്രകാരം സ്ഥാപിക്കുന്ന ഗിഫ്റ്റ് ഹാച്ചറികൾക്ക് താമസംവിനാ ലൈസൻസ് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

സുഭിക്ഷ കേരളം പദ്ധതി വഴി മത്സ്യകൃഷി പ്രോത്സാഹനം

268(5716) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുഭിക്ഷ കേരളം പദ്ധതി വഴിയും അല്ലാതെയും മത്സ്യകൃഷി ചെയ്യുന്നവർക്ക് സർക്കാർ നൽകിവരുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെട്ട പദ്ധതികളിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളായ മത്സ്യകർഷകർക്ക് പുതിയ യൂണിറ്റുകൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 40% ധനസഹായവും മുൻവർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷണൽ കോസ്റ്റിന്റെ 20% തുകയും ധനസഹായമായി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന'യിൽ ഉൾപ്പെട്ട പദ്ധതികളിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളായ ജനറൽ വിഭാഗത്തിൽപ്പെട്ട മത്സ്യ കർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 40% ധനസഹായവും വനിതകൾക്കും SC/ST വിഭാഗത്തിൽപ്പെട്ട മത്സ്യകർഷകർക്കും യൂണിറ്റ് കോസ്റ്റിന്റെ 60% ധനസഹായമായി നൽകിവരുന്നു.

(ബി) ഇത്തരം ധനസഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.